**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

**സോഷ്യൽ  ആഡിറ്റ് റിപ്പോർട്ട്**

**(01.10.2018-31.03.2019)**

**ജില്ല –തിരുവനന്തപുരം**

**ബ്ലോക്ക് – നേമം**

**ഗ്രാമപഞ്ചായത്ത്- വിളവൂർക്കൽ**

**വാർഡ്-വിളവൂർക്കൽ വാർഡ് (10)**

**തീയതി-26/10/2019**

**സമയം-2.00pm**

**സ്ഥലം-ഗ്രന്ഥശാല,വിളവൂർക്കൽ**

**<u>ആമുഖം</u>**

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാര് ഷിക മേഖലയിലും നിര് മ്മാണ മേഖലയിലും തൊഴില് ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോള് അവര്ക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴില് നല് കുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന് റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്നും പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവര് ക്ക് നിശ്ചിത കാലയളവിനുള്ളില് തൊഴില് ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിര്ദ്ദിഷ്ട സമയത്തിനുള്ളില് ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യന് പാര്ലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23-ാം തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിര്ദ്ദിഷ്ട സമയത്തിനുള്ളില് കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന് റെ സവിശേഷത. തൊഴില് ലഭിച്ചില്ലെങ്കില് തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താല് നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴില് ആവശ്യപ്പെടുന്നവര്ക്ക് 15 ദിവസത്തിനുള്ളില് തൊഴില്നല് കിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതല് അവര് ക്ക് തൊഴിലില്ലായ്മ വേതനത്തിന് അര് ഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിലിന് റെ വേതനം 14 ദിവസത്തില് കൂടുതല് വൈകിയാല് വൈകുന്ന ഒരോ ദിവസത്തിനും നഷ്ട പരിഹാരം ലഭിക്കുന്നതിനും അര് ഹതയുണ്ട്. തൊഴില് ആവശ്യപ്പെടുന്നവര് ക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന് റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളില് 2006 ഫെബ്രുവരി 2ആം തീയതി ഈ നിയമം നിലവില് വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തില് വയനാടും, പാലക്കാടും ഈ 200 ജില്ലകളില് ഉള്പ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസര് ഗോഡ് ജില്ലകള് ഇതില് ഉള് പ്പെട്ടിരുന്നു. 2008 ഏപ്രില് 1 ന് ഇന്ത്യയിലെ ബാക്കി മുഴുവന് ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവന് ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തില് സവിശേഷ ശ്രദ്ധയാകര് ഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴില് നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയില് ദാര്യദ്ര ലഘൂകരണത്തില് നിര്ണ്ണയാകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബര് 2-ാം തീയതി കേന്ദ്ര സര് ക്കാര് ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനര് നാമകരണം ചെയ്തു.

**തിരുവനന്തപുരം ജില്ല**

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായ ജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റര് അകലെയായി സ്ഥിതി ചെയ്യുന്നു .

**നേമം ബ്ലോക്ക്**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, തിരുവനന്തപുരം എന്നീ താലൂക്കുകളിൽ ഉൾപ്പെടുന്ന ഒരു ബ്ലോക്ക് പഞ്ചായത്ത് ആണ് നേമം ബ്ലോക്ക് പഞ്ചായത്ത്.ആകെ 122.41 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുണ്ട്.

**വിളവൂർക്കൽ പഞ്ചായത്ത്**

തിരുവനന്തപുരം നഗരസഭയുടെ അടുത്ത സ്ഥിതി ചെയ്യുന്ന വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് 1979 ൽ ആണ് രൂപം കൊണ്ടത്.വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ചൂഴാറ്റുകോട്ട,മങ്കാട്ടുകടവ്,കുണ്ടമൺഭാഗം, എന്നിവിടങ്ങളിൽ കൂടി കടന്നു പോകുന്ന കരമനയാറും,ചെറു തോടുകളും ഒട്ടനവധി കുളങ്ങളും, കുന്നുകളും, സമതലങ്ങളും, ചേർന്ന് തികച്ചും ഗ്രാമീണ ഭംഗിയാർന്ന പ്രദേശം ആണ് ഈ ചെറുഗ്രാമം.

**അടിസ്ഥാന വിവരങ്ങൾ**

വില്ലേജ് - വിളവൂർക്കൽ

താലൂക്ക് - നെയ്യാറ്റിൻകര

വിസ്തീർണ്ണം - 12.02

വാർഡുകളുടെ എണ്ണം - 17

**അതിരുകൾ**

കിഴക്ക് - മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് - തിരുവനന്തപുരം കോർപ്പറേഷൻ

lതെക്ക് - പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

വടക്ക് - വിളപ്പിൽ ഗ്രാമപഞ്ചായത്ത്

**<u>വിളവൂർക്കൽ വാർഡ് (10)</u>**

**വിളവൂർക്കൽ പഞ്ചായത്ത്** (10) വാർഡ് ആയ വിളവൂർക്കൽ കാർഷിക പരമായി പരിപോഷിപ്പിക്കുന്നതിനും മുൻനിരയിൽ നിലകൊള്ളുന്ന വാർഡ് ആണ്. വാർഡിൽ രണ്ടു അംഗൻവാടിയും പ്രവർത്തിച്ചുവരുന്നു. പ്രകൃതി അണിയിച്ചൊരുക്കിയ തോടുകളും കുളങ്ങളും കൃഷിയ്ക്ക് അനുയോജ്യമായ ഭൂപ്രകൃതിയും പ്രദേശത്തിന് മാറ്റ് കൂട്ടുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ

തോടുകൾ കുളങ്ങൾ ഇവയുടെ പുനരുദ്ധാരണം ലൈഫ് ഭവനപദ്ധതി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു .

**പൊതുവിവരങ്ങൾ -**

**അതിരുകൾ**

വടക്ക് - പൊറ്റയിൽ

തെക്കു - പള്ളിച്ചൽ പഞ്ചായത്തു

കിഴക്ക് - മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് – വിളവൂർക്കൽ തോട്

പൊതു കുളങ്ങൾ - 2

അംഗനവാടി - 2

കുടുംബശ്രീ യൂണിറ്റ് -15

തൊഴിലാളികൾ : -271

സജീവ തൊഴിലാളികൾ - 55

**മുഖ്യ ലക്ഷ്യങ്ങൾ**

- അവിദഗ്ദ്ധ-കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം, ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.
- ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.
- പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

**സവിശേഷതകൾ**

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ്പൂർത്തിയായ എതൊരാള് ക്കും പദ്ധതിയില് പങ്കാളിയാവാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൌകര്യ വികസനം എന്നിവയ്ക്കു മുൻഗണന.
- തൊഴിലാളികൾ തന്നെ പ്രവൃത്തികല് കണ്ടെത്താനും ആസൂത്രണ പ്രക്രീയയില് പങ്കാളികള് ആകാനും അവസരം .

- ആസൂത്രണത്തിലും നിര്‍ വഹണത്തിലും തികഞ്ഞ സുതാര്യത .
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബര്‍ ബഡ്ജറ്റ്.
- ബാങ്ക്/പോസ്റ്റ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകള്‍ക്ക് മുന്‍ഗണന.
- കമ്പ്യൂട്ടര്‍ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.(സോഷ്യല്‍ ഓഡിറ്റ് സംവിധാനം)
- പരാതിപരിഹാര സംവിധാനം

**<u>രീതിശാസ്ത്രം</u>**

കേരള സോഷ്യല്‍ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- നേമം ബ്ലോക്ക് വില്ലജ് റിസോഴ്സ് പേഴ്സണാണ് തിരുവനന്തപുരം ജില്ലയില്‍ നേമം ബ്ലോക്ക് പഞ്ചായത്തിലെ വിളവൂര്‍ക്കല്‍ ഗ്രാമ പഞ്ചായത്ത് വാര്‍ഡ് 10ല്‍ (വിളവൂര്‍ക്കല്‍) സോഷ്യല്‍ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

**ആദ്യഘട്ടം:**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട്, വാര്‍ഡ് മെമ്പര്‍, എന്‍ ആര്‍ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യല്‍ ഓഡിറ്റ് വിളവൂര്‍ക്കല്‍ ബ്ലോക്ക് റിസോഴ്സ് പേഴ്സണ്‍ വാര്‍ഡ് 10ല്‍ നടത്തേണ്ട സോഷ്യല്‍ ഓഡിറ്റ് പ്രവര്‍ത്തനങ്ങളെക്കുറിച്ചുള്ള ചര്‍ച്ച.

**രണ്ടാം ഘട്ടം:**

2018 ഒക്ടോബര്‍ മാസംഒന്നാം തിയതി മുതല് 2019 മാര്‍ച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകള്‍, 7 രജിസ്റ്ററുകള്‍, എം ഐ എസ് എന്നിവ പരിശോധിക്കല്‍.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തില്‍ പ്രവൃത്തിയിടങ്ങള്‍ പരിശോധിക്കല്‍, ചെയ്ത പ്രവൃത്തികളുടെ അളവുകള്‍ പരിശോധിക്കല്‍

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങള്‍ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴില്‍കാര്‍ഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം:**

ഫീല്‍ഡ് പരിശോധനയുടെയും ഫയല്‍ പരിശോധനയുടെയും അടിസ്ഥാനത്തില്‍ റിപ്പോര്‍ട്ട് തയാറാക്കല്‍.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യല്‍ ഓഡിറ്റ് .

## സോഷ്യൽ ഓഡിറ്റ്

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ് തൊഴിലുറപ്പ് നിയമം 17 (2 )വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്ന് സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നസോഷ്യൽ ഓഡിറ്റിന് വേണ്ട സൗകര്യങ്ങളും ചെയ്തു കൊടുക്കുക രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളാണ്

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ. ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം, സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ് (ജി, ഒ, നം, 2952/2007, എൽ, എസ്, ജി, ഡി /തിയതി 31/10/2007)പുറപ്പെടുവിച്ചിട്ടുണ്ട്, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി, അജണ്ട, വേദി എന്നിവ നിശ്ചയിച്ചഏഴു ദിവസം മുമ്പ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെആസൂത്രണം നിർവ്വഹണം, മോണിറ്ററിംഗ്, തുടങ്ങിയ ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (ആസ്പെർ GO(Rt)No.3906/2015/LSGD, dated30.12.2015)31.01.2017നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

## 7 രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്.

1) തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ

2) ഗ്രാമസഭ രജിസ്റ്റർ

3) തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ

4) പ്രവര്ത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ

5) സ്ഥിര ആസ്തികളുടെ രജിസ്റ്റർ

6) പരാതി രജിസ്റ്റർ

7) സാധന രജിസ്റ്റർ

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

വിളവൂർക്കൽ പഞ്ചായത്തിലെ പത്താം വാർഡായ വിളവൂർക്കൽ ആണ് സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയത്.വാർഡിൽ 271സജീവ തൊഴിലാളികളാണ് ഉള്ളത്. ഇതിൽ 55 സജീവതൊഴിലാളികൾ ഉണ്ട്.

വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

| നമ്പർ | പ്രവർത്തികൾ | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | ചിലവായ തുക |
|---|---|---|---|---|---|
| 1 | ഭൂവികസനം | WC/329995 | 15/11/2018 | 24/3/2019 | 439668 |
| 2 | പൊതു ഭൂമിയിലും നിരത്തുകളിലും പലവവൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ | Do/263001 | 7/72018 | Not applicable | 304559 |
| 3 | തലപ്പൻകോട് കുളം പുനരുദ്ധാരണം | WH/301367 | 16/10/2018 | 6/2/2019 | 125580 |

**ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ**

| **നമ്പർ** | **ഗുണഭോക്താക്കൾ** | **വർക്ക് കോഡ്** |
|---|---|---|
| 1 | **ഉഷ** | IF/354987 |
| 2 | **സിന്ധു** | IF/357244 |
| 3 | **ചിഞ്ചുമോൻ** | IF/35916 |
| 4 | **ശോഭന കുമാരി** | IF/358577 |
| 5 | **സരസ്വതി** | IF/359205 |
| 6 | **മേരീപുഷ്പം** | IF/354986 |
| 7 | **പ്രീത പി(കിണർ നിർമ്മാണം)** | IF/368578 |

## ലൈഫ് ഫയൽ പരിശോധന വിവരങ്ങൾ

- ഭരണാനുമതി ,സാങ്കേതിക അനുമതി ,വിശദമായ എസ്റ്റിമേറ്റ് ,ഫോട്ടോ (പണിപൂർത്തിയാക്കിയ 3 ഘട്ട ഫോട്ടോ ഉണ്ടായിരുന്നു,എന്നാൽ ഉഷ -IF/354987 ൽ ഒരു ഘട്ട ഫോട്ടോ മാത്രം) വെജ് ലിസ്റ്റ് തുടങ്ങിയ രേഖകൾ എല്ലാ ഫയലിലും ഉണ്ടായിരുന്നു.
- മസ്റ്റർറോളിൽ  വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു.(IF/354987 ഉഷ-MR no.9310ൽ )
- ഓരോ മെഷർമെന്റ് ബുക്കിലും പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- FTO ഉണ്ടായിരുന്നു.

**ഫീൽഡ്**


- ഫീൽഡ്  തല പരിശോധനയിൽ എല്ലാ വീടുകളും പൂർത്തിയാകാത്ത നിലയിൽ ആണ്.
- എത്ര ദിവസത്തെ മസ്റ്റർറോൾ ലഭിച്ചിട്ടുണ്ടെന്ന് ഗുണഭോക്താക്കൾക്ക് വ്യക്തമായി അറിയില്ല.
- ഫയലുകളിലെയ രേഖകളിൽ 90 ദിവസത്തെ വേതനം ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ  ഫീൽഡ് പരിശോധനയിൽ ഗുണഭോക്താക്കൾക്ക് എത്ര രൂപ ലഭിച്ചു എന്ന് വ്യക്തതയില്ല.

**വിശദാംശങ്ങളിലേക്ക്**

## ഭൂവികസനം (wc/329995)

**ഫയൽ**

- Amc പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു എങ്കിലും അപൂർണ്ണമായിരുന്നു.
- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി(no.1614/2018/279485), സാങ്കേതിക അനുമതി,  വിശദമായ എസ്റ്റിമേറ്റ്,  ഫോട്ടോ, വേജ് ലിസ്റ്റ്, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ്  ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു
- മൂല്യനിർണയ സാക്ഷ്യപത്രം ഉണ്ട്.
- പഴയ ഫോർമാറ്റിൽ ഉള്ള 41 പേരുടെ ഡിമാൻഡ് ഫോം ആണ് ഉണ്ടായിരുന്നത് പ്രവർത്തി അനുവദിച്ചതായി എ ഇ  യുടെ സാക്ഷ്യപ്പെടുത്തലും ഉണ്ട്.
- മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു.ഉദാ: Mr no.15779 രംഗ job card no.10/179(daily attendenceൽ വെട്ടിത്തിരുത്തലുകൾ) Mr no.21841.ഗോമതി card no 10/60(attendenceൽ വെട്ടിത്തിരുത്തൽ) mr no.15781 രാധ,ഉഷ,രജിത മേരി എന്നിവർ കാർഡ് ഉടമയുടെ കോളം sign ചെയ്തിട്ടില്ലായിരുന്നു.



- ഭൂവുടമകളുടെ കരം തീർത്ത രസീത്,  ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- ചെക്ക് ലിസ്റ്റ്, കവർപേജ്, പ്രോജക്ട് മീറ്റിംഗിൽ പങ്കെടുത്ത തൊഴിലാളികളുടെ പേരും ഒപ്പു തുടങ്ങിയവ പൂർണമായും രേഖപ്പെടുത്തിയ സൈറ്റ് ഡയറി ആയിരുന്നു .

**ഫീൽഡ്**

- സുമംഗല ദേവി ,രാഖി ,ജയ്പാൽ എന്നിവരുടെ 3 പുരയിടങ്ങളിലായി ആകെ3 ഏക്കർ 15 സെന്റിൽ ആണ് പ്രവർത്തി നടപ്പിലാക്കിയത്.
- മെഷർമെന്റ് ബുക്ക് നം.390 പ്രകാരം ആകെ 5760$cm^2$ ന്റെ 21 ബണ്ട്,3576$cum^3$ ന്റെ 27 ട്രഞ്ച്

എന്നിവയാണ് ഉണ്ടായിരുന്നത്.

❖ ഫീൽഡ് തല പരിശോധനയിൽ പ്രവർത്തി നടന്ന സ്ഥലം കാടുപിടിച്ച അവസ്ഥയിലായിരുന്നു അതിനാൽ അളവെടുപ്പ് സാദ്ധ്യമല്ലായിരുന്നില്ല.

## പൊതു ഭൂമിയിലും നിരത്തുകളിലും ഫലവൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ DP/263001


### ഫയൽ

❖ കവർ പേജ് (AMC പ്രകാരമുള്ളവയായിരുന്നില്ല), ചെക്ക് ലിസ്റ്റ് (പേജ് നമ്പർ രേഖപ്പെടുത്താത്തത്), വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് (പദ്ധതിയുടെ നമ്പർ വ്യക്തമല്ലാത്തത്), സാങ്കേതിക അനുമതിയുടെ പകർപ്പ്,വേഡ് ലിസ്റ്റ്,FTO, മെഷർമെന്റ് ബുക്ക്, ഫോട്ടോഗ്രാഫുകൾ,പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ ഉണ്ടായിരുന്നു.

❖ പഴയ ഫോർമാറ്റിൽ ഉള്ള 34 പേരുടെ ഡിമാൻഡ്ഫോം ആണ് ഉണ്ടായിരുന്നത്.

❖ ഈ പ്രവർത്തിയുടെ മസ്റ്റർ റോളുകൾ MR NO.7924,7925,7926,7927,7928,12760 കളിൽ പ്രിന്റിംഗ് തിയതിക്ക് മുമ്പായി പ്രവർത്തി തുടങ്ങിയ തിയ്യതി രേഖപ്പെടുത്തിയിരുന്നു.

❖ സൈറ്റ് ഡയറി ഉണ്ടായിരുന്നെങ്കിലും പ്രോജക്ട് മീറ്റിംഗിൽ പങ്കെടുത്തവർ ഒപ്പ് രേഖപ്പെടുത്തിയിരുന്നില്ല.



### ഫീൽഡ്

❖ മെഷർമന്റ് ബുക്ക് 117 പ്രകാരം 2000 വൃക്ഷത്തൈകൾ ആണ് പ്രവർത്തി നടന്ന സ്ഥലത്ത് വച്ചു പിടിപ്പിച്ചിട്ടുണ്ടായിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം 436000/- ആണ് പ്രസ്തുത പ്രവർത്തിക്കുള്ള അടങ്കൽ തുക ,ഇത് പ്രകാരം218/- ഒരു വൃക്ഷത്തൈയുടെ തുക ആകുന്നു. പ്രവർത്തിക്കു ചെലവായ യഥാർത്ഥ തുക എന്നത് 304557/- ആണ്. എന്നാൽ ഫീൽഡ് പരിശോധനയിൽ പ്രവർത്തി നടന്ന സ്ഥലങ്ങളിൽ നിന്നും (തോടുകൾ, റോഡ്,തലപ്പൻകോട് കുളം എന്നിവയുടെ വശങ്ങളിൽ)50 ഫലവൃക്ഷത്തൈകളേ എണ്ണമെടുക്കാൻ സാധിച്ചിരുന്നുള്ളൂ. ആയതിനാൽ 293657/- പൊതു നഷ്ടം പ്രസ്തുത പ്രവർത്തിക്കു ഉണ്ടായതായി കണക്കാക്കേണ്ടതാകുന്നു.

❖ കൂടാതെ വൃക്ഷത്തൈകൾക്ക് വേണ്ടി എടുത്ത കുഴികൾ മാലിന്യം നിറഞ്ഞ നിലയിലായിരുന്നു.

❖ ഫീൽഡ് പരിശോധനയിൽ നിന്നും മനസ്സിലായി ഗൗരവമായ വസ്തുത എന്തെന്നാൽ, പൊതു ഭൂമിയിലും നിരത്തിലും ഫലവൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ എന്ന പ്രോജക്ടിൽ സ്വകാര്യ വ്യക്തിയുടെ ഭൂമിയിലാണ് ഭൂരിഭാഗം വൃക്ഷത്തൈകളും വച്ചുപിടിച്ചിരിക്കുന്നു എന്നതാണ്.ഇത് പൊതു നഷ്ടമായി കണക്കാക്കേണ്ടതാകുന്നു.

❖ **ശേഷിക്കുന്ന വൃക്ഷത്തൈകൾ നിശ്ചിത അകലം**(3m) **പാലിച്ചു പരിപാലിച്ചു പോരുന്നതായും കണ്ടു**.



- ❖ **തലപ്പൻകോട് കുളം പുനരുദ്ധാരണം (WH/301367)**

**ഫയൽ**

- ❖ കവർ പേജ്, ചെക്ക്‌ലിസ്റ്റ്, വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് (പദ്ധതി നമ്പർ വ്യക്തമല്ലാത്തതായിരുന്നു.), സാങ്കേതിക അനുമതിയുടെ പകർപ്പ് (നമ്പർ.1614/2018/112588), ഭരണാനുമതി പകർപ്പ്, വിശദമായ സാങ്കേതിക എസ്റ്റിമേറ്റ് പകർപ്പ് , സൈറ്റ് ഡയറി തുടങ്ങിയ രേഖകൾ ഉണ്ടായിരുന്നു.
- ❖ പഴയ ഫോർമാറ്റിലെ 36 പേരുടെ ഡിമാൻഡ് ഫോമാണ് ഉണ്ടായിരുന്നത്.
- ❖ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു എങ്കിലും അധികൃതർ certify ചെയ്തതല്ലാം യിരുന്നു.
- ❖ MIS പ്രകാരം പ്രസ്തുത പ്രവർത്തിയുടെ ചെലവ് തുക - 320311/- ആണ് എന്നാൽ materials ന് വേണ്ടി ചെലവായ തുകയായ 194731/- ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല,പകരം125580/- ആണ് MGNREGA fund എന്ന് മാത്രമാണ് ഉണ്ടായിരുന്നത്.
- ❖ എം ബുക്ക് പ്രകാരം 502.5cum ചെളി നീക്കം ചെയ്യൽ ,620cum കുളത്തിനു ചുറ്റും ബണ്ട് നിർമ്മിക്കൽ എന്നിങ്ങനെയാണ്.

**ഫീൽഡ്**

- ❖ കുളം വൃത്തിഹീനമായ രീതിയിൽ ആയിരുന്നു.
- ❖ ഫയൽ പ്രകാരം കുളത്തിന്റെ പാർശ്വഭിത്തി കയർ വിരിച്ച് സംരക്ഷണം,ചെളി നീക്കം ചെയ്യൽ, മണ്ണൊലിപ്പ് തടയൽ തുടങ്ങിയവ ആയിരുന്നു .എന്നാൽ പ്രവർത്തി സ്ഥലത്ത് കയർ കൊണ്ടുള്ള ഭുവസ്ത്രം കാണാന് സാധിച്ചില്ല.
- ❖ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.



- **കിണർ നിർമ്മാണം -പ്രീത പി(IF/368578)**

**പ്രസ്തുത ഫയൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭിച്ചിരുന്നില്ല.ഫീൽഡ് വിസിറ്റിൽ പ്രസ്തുത പ്രവർത്തി കാണുകയും എന്നാൽ പണി പൂർത്തിയായി നാളിതുവരെ തുക ലഭിച്ചില്ല എന്ന് ഗുണഭോക്താവ് പറഞ്ഞു.സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.**



## പൊതുവായ കണ്ടെത്തലുകൾ

- ഫയലുകളിലെ രേഖകൾ സൂക്ഷിച്ചിരിക്കുന്നത് ശരിയായ ക്രമത്തിൽ അല്ല.
- മസ്റ്റർ റോളുകൾപൂർണ്ണമായ രേഖപ്പെടുത്തലുകളോടെ അല്ല സൂക്ഷിച്ചിരിക്കുന്നത്.
- മെഷർമെന്റ് ബുക്ക് മസ്റ്റർ റോൾ എന്നീ രേഖകളിലെ തിരുത്തലുകൾ അനുവദനീയമല്ല.
- ഭൂവികസന പ്രവർത്തികളിൽ ശരിയായ വിധത്തിൽ പ്രവർത്തി നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും നിലവിൽ വിലയിരുത്താൻ സാധിക്കാത്ത നിലയിലാണ് ഭൂരിഭാഗം സ്ഥലവും.
- ഫയലുകൾ കൃത്യതയോടെ ക്രമീകരിക്കാത്തതു സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.
- രാധ (തൊഴിൽ കാർഡ് നം.10/39) എന്ന തൊഴിലാളിയുടെ വീട് വളരെ ദയനീയമായ അവസ്ഥയിലായണ്, കുടിവെള്ളത്തിനായി ആശ്രയിക്കുന്ന കിണർ തൊട്ടടുത്ത സ്വകാര്യ വ്യക്തിയുടെ ഭൂമിയിലെ പുളിമരങ്ങളുടെ വേരുകൾ ആഴ്ന്നിറങ്ങി മലിനമായതും അതിലുപരി അപകടകരമാം വിധം

പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലായിരുന്നു.ടി തൊഴിലാളി വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന ഒരു നിരാലംബ കൂടിയാണ്.


## നിർദ്ദേശങ്ങൾ

- ഫയലുകളിൽ ഉള്ള രേഖകൾ കൃത്യതയോടെയും ശരിയായ ക്രമത്തിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- നടപ്പാതകളുടെ നിർമ്മാണം, ഓട നിർമാണം, നഴ്സറി നിർമാണം, ,മുതലായവ വാർഡ് തലത്തിൽ നടപ്പാക്കാവുന്നതാണ്.
- പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തികൾ നിയമാനുസൃതമായ കാലയളവിൽ നിലനിൽക്കാൻ ഉതകുന്നവിധം നടപ്പിലാക്കേണ്ട അതാണ്.
- ഭൂവികസനം പോലുള്ള പ്രവർത്തികൾ ഭൂവുടമകൾക്ക് പ്രവർത്തിയെ സംബന്ധിക്കുന്ന വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടത്.
- തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തി നൽകേണ്ടതാണ്.
- മസ്റ്റർ റോളുകളിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.
- അതാത് സാമ്പത്തിക വർഷത്തിലെ ഫയലുകൾ കൃത്യതയോടെ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഗ്രാമസഭ പരാമർശങ്ങൾ

- **കുളത്തിന്റെ പാർശ്വഭിത്തി കയർ വിരിച്ചാലും സംരക്ഷിക്കാൻ കഴിയില്ല എന്ന് തൊഴിലാളികൾ പരാതിപ്പെട്ടു**.
- പ്രവർത്തിസമയം 9-5 എന്നുള്ളത് മാറ്റണം എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.
- തൊഴിലാളികൾക്ക് യാതൊരുവിധ സുരക്ഷാസംവിധാനങ്ങളും നിർവഹണ ഏജൻസിയായ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല.
- നിലവിൽ സുരക്ഷാ സംവിധാനങ്ങൾക്കായി തൊഴിലാളികൾക്കിടയിൽ നിന്നുമാണ് തുക ഈടാക്കുന്നത്.
- തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇന്ഷുറൻസ് പോലുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യം ഉന്നയിച്ചു.
- തോടുകൾ വൃത്തിയാക്കുന്നതിനെ സ്വകാര്യ വ്യക്തികൾ മലിനമാക്കുന്നു (വീടുകളിലെ ഖരദ്രവ മാലിന്യങ്ങൾ അഴുക്കു ചാലുകൾ വഴി തോട്ടിലേക്ക് തള്ളുന്നു).

# ഗ്രാമസഭ മിനുട്സ്



വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

AN ISO-9001:2015 CERTIFIED INSTITUTION

പൊറ്റയിൽ, മലയിൻകീഴ്. പി.ഒ.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

എഫ് - 6643/19

തീയതി 16/10/2019

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

ബഹുമാന്യരെ,

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആറുമാസത്തിലൊരിക്കൽ നടക്കേണ്ട സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 2019 ഒക്ടോബർ ... ന് ... ഉച്ചകഴിഞ്ഞ് ... മണിക്ക് ... വെച്ച് നടക്കുന്നു.

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 17 പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ പ്രവർത്തികളും പ്രത്യേക ഗ്രാമസഭ വിളിച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതുണ്ട്. തൊഴിലാളികളുടെ 10 അവകാശങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടോ, പ്രവൃത്തികൾ ഗുണനിലവാരത്തോടെ നിർവഹിക്കപ്പെട്ടിട്ടുണ്ടോ, സാമൂഹിക പാരിസ്ഥിതിക ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് ഈ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നത്.

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ഗ്രാമസഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കും. തൊഴിൽ ആവശ്യമുള്ളവർക്ക് തൊഴിലിനുള്ള ഡിമാന്റ് എഴുതി നൽകാനും പുതിയ തൊഴിൽ കാർഡിനുള്ള അപേക്ഷ തയ്യാറാക്കുന്നതിനും ഗ്രാമസഭയിൽ സൗകര്യമുണ്ടാകും.


പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് തൊഴിലുറപ്പ് പദ്ധതിയെ സുതാര്യവും ഒരു ജനകീയവുമായ പദ്ധതിയാക്കി മാറ്റുകയാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലൂടെ ലക്ഷ്യമിടുന്നത്. ഈ വാർഡിലെ മുഴുവൻ നാട്ടുകാരെയും ഈ ഗ്രാമസഭയിലേക്ക് ക്ഷണിക്കുന്നു.


വി. അനിൽകുമാർ
പ്രസിഡന്റ്


വാർഡ് മെമ്പർ

എസ്. ലതാകുമാരി
സെക്രട്ടറി

Kala Press, Malayinkeezhu







റിപ്പോർട്ട് തയ്യാറാക്കിയത്

**VRP** നീതു കെ ജെ

**VRP** സവിത റാണി

-----------------------------------------------------------